**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2944** **24-02-2026 - ൽ മറുപടിയ്ക്ക്**

**കലാ-സാംസ്കാരിക ബോധം വളർത്തുന്നതിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | യുവതലമുറയിൽ കലാ-സാംസ്കാരിക ബോധം വളർത്തുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിന്റെ തനത് കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനും യുവമനസ്സുകളിൽ കലാഭിമുഖ്യം ഉണർത്തുവാനും സുകുമാര കലകളിൽ നിശ്ചിത യോഗ്യത നേടിയ യുവതീ യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനും രണ്ടു വർഷക്കാലം ഫെല്ലോഷിപ്പ് നൽകി സൗജന്യ സാമൂഹ്യ കലാപരിശീലനത്തിന് വേദി ഒരുക്കുന്നതിലൂടെ ഫെല്ലോഷിപ്പ് ജേതാക്കൾക്ക് ഭാവി കലാപ്രവർത്തനങ്ങൾക്ക് അടിത്തറ ഒരുക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് സാംസ്കാരിക വകുപ്പ തദ്ദേശ സ്വയം ഭരണ വകുപ്പ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ആയിരം യുവകലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. ഫെല്ലോഷിപ് പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ച് അഭിമുഖ പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന കലാകാരരെ കേരളത്തിലങ്ങോളമിങ്ങോളമുള്ള തദ്ദേശ സ്വയം ഭരണ ക്ലസ്റ്ററുകളിൽ വിന്യസിച്ച് സൗജന്യ സാമൂഹ്യ കലാപരിശീലനം നൽകിവരുന്നു.<br><br>മേൽ സൂചിപ്പിച്ച രീതിയിൽ കലാപരിശീലനം നടത്തപ്പെടുന്ന ബ്ലോക്ക് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ ക്ലസ്റ്ററുകളിൽ ഭൂരിഭാഗം പരിശീലന കേന്ദ്രങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. |
| (ബി) | കലോത്സവങ്ങൾ, സാംസ്കാരിക മേളകൾ എന്നിവയുടെ നടത്തിപ്പിലൂടെ സംസ്ഥാനത്തിന്റെ ടൂറിസം മേഖലക്ക് ലഭിച്ച നേട്ടങ്ങൾ വിശദമാക്കാമോ; | (ബി) | കലോത്സവങ്ങൾ, സാംസ്കാരിക മേളകൾ എന്നിവ മൂലം ആഭ്യന്തര-വിദേശ സഞ്ചാരികളുടെ വർദ്ധിച്ച സാന്നിധ്യം പ്രാദേശിക സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നു. കരകൗശല വിദഗ്ധർ, കലാകാരന്മാർ എന്നിവർക്ക് മികച്ച വരുമാനം നേടുന്നതിന് സഹായിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | സാംസ്കാരിക മേഖലയിലെ സ്ത്രീകളുടേയും പിന്നാക്ക വിഭാഗങ്ങളുടേയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | വജ്രജൂബിലി ഫെല്ലോഷിപ് പദ്ധതി: വജ്രജൂബിലി ഫെല്ലോഷിപ് പദ്ധതിയിൻകീഴിൽ പ്രായ/ലിംഗ ഭേദമന്യേ എല്ലാവർക്കും സൗജന്യ കലാ പരിശീലനം നല്കിവരുന്നുണ്ട്. ആയതു കലാ സാംസ്കാരിക ഉന്നമനത്തിനു സഹായകമാകുന്നു.<br><br>ഗ്രാമീണ കലാകേന്ദ്രം പദ്ധതി : ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, അവർക്ക് അന്തർ ദേശീയ വിപണി ബന്ധങ്ങൾ സ്ഥാപിച്ച് വിപണന സാധ്യതകൾ വർദ്ധിപ്പിക്കുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, വിവിധ സർക്കാർ പദ്ധതികളുമായി ബന്ധിപ്പിച്ച് അവരുടെ സാമൂഹ്യ സാമ്പത്തിക പരാധീനതകൾ പരിഹരിക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കലാകാരന്മാരുടെ ഉപജീവനം അഥവാ ഗ്രാമീണ കലാകേന്ദ്രം പദ്ധതി. ടി പദ്ധതിയിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 50 സ്വയം - സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ മുഖ്യ പങ്കു വഹിക്കുന്നത് സ്ത്രീകളും പിന്നാക്ക വിഭാഗക്കാരുമാണ്. ആയതു ടി വിഭാഗങ്ങൾക്ക് സ്വയം പര്യാപ്തത കൈവരിക്കുന്നതിനും സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും സഹായകമായിട്ടുണ്ട്.<br><br>"സമം" -സ്ത്രീ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം: കലാപരമായ അവതരണങ്ങളിലൂടെ പ്രശ്നങ്ങളെ ലാളിത്യവത്കരിച്ച് ജനസമൂഹത്തിലെത്തിച്ച് ക്രിയാത്മകമായ സംവാദങ്ങളിലൂടെ പ്രശ്ന പരിഹരണരീതി അവലംബിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയായ സമം പദ്ധതിയുടെ ഭാഗമായി സ്ത്രീ സമത്വത്തിനായി നിരവധി സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.<br><br>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതാ സംവിധായകരെ സിനിമയുടെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനായി ഒരു സിനിമയ്ക്ക് 1.5 കോടി രൂപ വീതം ഓരോ വർഷവും സിനിമകൾക്ക് ധനസഹായം നൽകുന്ന പദ്ധതി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | സിനിമയിലെ സാങ്കേതിക രംഗത്ത് സ്ത്രീ സാന്നിധ്യം വർദ്ധിപ്പിക്കുന്നതിനായി വനിതകൾക്കായി തൊഴിൽ പരിശീലന പദ്ധതി ചലച്ചിത്ര അക്കാദമി മുഖേന നടപ്പിലാക്കുന്നു. ഇത്തരത്തിൽ 13 സ്ത്രീകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. പരിശീലന കാലയളവിൽ 6 മാസത്തേയ്ക്ക് 10,000 രൂപ വീതം പ്രതിമാസം സ്റ്റൈപന്റ് നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ